# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടപ്പാൾ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-MPM5/2773/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 31/01/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടപ്പാൾ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-MPM5/2773/2022 തീയ്യതി: 31/01/2023

## മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-12-2021 മുതൽ 09-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-11-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 10-11-2022 | 19-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-11-2022 | 19-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൽ റഷീദ് എം.പി., ഓഡിറ്റ് ഓഫീസർ
ശ്രീ.മുഹമ്മദ് ഫാറൂഖ്.കെ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.യൂസഫ്.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സുജിത.കെ.പി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുബൈദ.സി.വി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ലീന.കെ.ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 07-04-2021 |

| | | | |
|---|---|---|---|
| ശ്രീ.ബാബുരാജൻ.പി.വി | സെക്രട്ടറി | 08-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ലീന.കെ.ജി | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.ആര്യ.വി.ബി | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.സുജീർ.പി.പി | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ഡോ.അബൂബക്കർ സിദ്ധീക്ക് | മെഡിക്കൽ ഓഫീസർ - സി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.സനൽ.പി | മെഡിക്കൽ ഓഫീസർ -ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.ഹരി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീമതി.ദീപ ചിറയത്ത് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ.കുട്ടപ്പൻ | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ചിത്രലത | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 01-09-2021 |
| | | 17-10-2021 | 10-11-2021 |
| ശ്രീമതി.കൃഷ്ണേന്ദു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 02-09-2021 | 16-10-2021 |
| ശ്രീമതി.മഞ്ജു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11-11-2021 | 31-03-2022 |
| ശ്രീ.വിനയൻ.എം | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.മുഹമ്മദ് നാസിം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ.ശ്രീജേഷ്.കെ | സബ് ഇൻസ്പെക്ടർ ഫിഷറീസ് | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | വസ്തുനികുതി നിർണ്ണയത്തിലെ അപാകത | 1-12 |
| 13 | കൈപ്പറ്റ്/വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-13 |
| 14 | എസ്.എസ്.എ.(എസ്.സി )- എസ്.സി. മേഖലയിൽ ചെലവഴിച്ച വിനിയോഗ വിവരം ഇല്ല. | 1-14 |
| 15 | ജി.എസ്.ടി.-ടി.ഡി.എസ് ഈടാക്കിയില്ല. | 1-15 |
| 16 | സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകത | 1-16 |
| 17 | എം.ജി.എൻ.ആർ.ഇ.ജി.എസ്-മുൻകൂർ തുകകൾ ക്രമീകരിച്ച വിവരം ലഭ്യമാക്കേണ്ടതാണ്. | 1-17 |
| 18 | ദുരിതാശ്വാസ നിധി പ്രവർത്തനക്ഷമമല്ല. | 1-18 |
| 19 | ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലല്ലാത്ത ലൈബ്രറികൾക്ക് പത്രമാസികകൾ നൽകുന്നു | 1-19 |
| 20 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് പദ്ധതി -അപാകതകൾ | 1-20 |
| 21 | മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല-(ഹോമിയോ) | 1-21 |
| 22 | ഭക്ഷണ സാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല. | 1-22 |
| 23 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അധിക തുക അനുവദിച്ചു | 1-23 |
| 24 | എയിഡഡ് സ്കൂളിന് ടോയ്ലറ്റ് നിർമ്മിച്ച് നൽകിയത്- പദ്ധതി മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല- | 1-24 |
| 25 | മരാമത്ത് പ്രവൃത്തികൾ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കിയില്ല | 1-25 |
| 26 | മരാമത്ത് പ്രവൃത്തികൾ-നിശ്ചിത സമയപരിധിയ്ക്കകം കരാർ ചമയ്ക്കാത്തതിന് പിഴ ഈടാക്കിയില്ല | 1-26 |
| 27 | റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല. | 1-27 |
| 28 | അസിസ്റ്റന്റ് എഞ്ചിനീയറുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് | 1-28 |
| 29 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലെ അക്കൗണ്ടിലുള്ള നീക്കിയിരുപ്പ് തുക പഞ്ചായത്ത് | 1-29 |

| | | |
|---|---|---|
| | തനത് ഫണ്ടിലൊടുക്കണം | |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയത് ( തീരുമാന നം./തിയ്യതി) |
|---|---|
| 1(1)തിയ്യതി 17.02.2021 | ഇല്ല |

KPR Act-വകുപ്പ് 214(5), ഗ്രാപഞ്ചായത്തുകൾക്കായി സർക്കാർ അംഗീകരിച്ച ബജറ്റ് മാന്വൽ, ഖണ്ഡിക 4-1 എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം തൻവർഷത്തെ ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടില്ല. ബജറ്റ് റിവൈസ് ചെയ്യാതിരുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി |
|---|---|
| 31.07.2022 | 31.07.2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16437377 |
| വരവ് | 168946260 |
| ആകെ | 185383637 |
| ചെലവ് | 167098298 |
| നീക്കിയിരിപ്പ് | 18285339 |

### 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 15044449 | 15044449 | 14627147 | 417302 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8635817 | 8635817 | 8628432 | 7385 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9840000 | 9840000 | 3507965 | 6332035 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5748834 | 5748834 | 3975693 | 1773141 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied ) | 0 | 9218788 | 9218788 | 3384196 | 5834592 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied ) | 0 | 4384213 | 4384213 | 2972337 | 1411876 |
| ബി ഫണ്ട് | 0 | 73478362 | 73478362 | 73478362 | 0 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 162 | 94130728 | 139 | 60364875 | 0 | 23 | 85.80 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1023694 | 977558 | 2001252.50 | 2001252 | - |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 33004473 | 33004473 | 33004473 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4765800 | 297 |
| വിധവാ പെൻഷൻ | 22109000 | 1422 |
| വാർദ്ധക്യകാല പെൻഷൻ | 43412200 | 3000 |
| വികലാംഗ പെൻഷൻ | 6493400 | 420 |
| വിവാഹ ധനസഹായം | 270000 | 9 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1153600 | 72 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.11.2022 ന് 4.00 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പിരിവു തുക ബാങ്കിൽ ഒടുക്കിയതിനാൽ നീക്കിയിരിപ്പ് ഇല്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. എങ്കിലും ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട പോരായ്മകൾ താഴെ പറയുന്നു.

1.ഫയലുകളിലെ സൂക്ഷിപ്പിലും രജിസ്റ്ററുകൾ പരിപാലിക്കുന്നതിലും വീഴ്ചകളുണ്ട്. അക്കൗണ്ട്സ് സെക്ഷനിൽ ബാങ്ക് ബുക്ക് ഉൾപ്പെടെയുള്ള പല റിപ്പോർട്ടുകളും യഥാസമയം പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് വേളയിൽ അവ പരിശോധനക്ക് ലഭിക്കുന്നതിൽ കാലതാമസം വന്നിരുന്നു.

2. സ്റ്റോക്ക് രജിസ്റ്ററുകളുടെ പരിപാലനത്തിൽ കൂടുതൽ കാര്യക്ഷമമായ മേൽനോട്ടം ആവശ്യമാണ്.

ശ്രദ്ധിക്കേണ്ട അപാകതകൾ പ്രത്യേകം പരാമർശങ്ങളായി റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കാനും പോരായ്മകൾ പരിഹരിക്കാനും ശ്രദ്ധിക്കേണ്ടതാണ്

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.07.2022 | 6/2022 | 26.07.22 |
| എ.ജി ഓഡിറ്റ് | 23-04-2003 | 1997-98 To 2002-03 | 18.07.2003 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1.2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2.2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62(2)4 പ്രകാരം ധനകാര്യ പത്രികകളിലെ തുകകൾ പൂർണ്ണരൂപയിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഈ നിബന്ധന പാലിച്ചിട്ടില്ല. (ഉദാ. Schedule B-17)

3.കേരള പഞ്ചായത്ത് രാജ് അക്കൗണ്ടസ് റൂൾസ് ചട്ടം 57& 58 മുഴുവനായും പാലിച്ചിട്ടില്ല.(ബാങ്ക് ബുക്കുകൾ ,റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ എല്ലാമാസവും സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.)

4.KGB OWN Fund A/C No. 40287100102977 -RP 40(b) ,B-17 എന്നിവ പ്രകാരം നീക്കിയിരിപ്പ് 8832934/-. എന്നാൽ Reconciliation Statement -ൽ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത് 6357797/-. വ്യത്യാസം 2475137/-

5.താഴെപ്പറയുന്ന അക്കൗണ്ടുകളുടെ ബാങ്ക് ബുക്ക്,ബാങ്ക്/'ട്രഷറി സ്റ്റേറ്റ്മെന്റ് ,റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം | അക്കൗണ്ട് | RP 40(b) പ്രകാരം നീക്കിയിരിപ്പ് | റിമാർക്സ് |
|---|---|---|---|
| 1 | SBI-E-payment- | 1467623 | റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഇല്ല. |
| 2 | SBI-Life | 528051 | റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഇല്ല. |
| 3 | Treasury TSB A/C | 1000000 | റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഇല്ല. |
| 4 | KGB MPLAD | 8706 | ബാങ്ക് സ്റ്റേറ്റ്മെന്റ്/ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ഇല്ല. |
| 5 | Canara Bank PFMS (CFC) | 4229594 | ബാങ്ക് സ്റ്റേറ്റ്മെന്റ്/ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ഇല്ല. |
| 6 | MDC EMS | 324633 | ബാങ്ക് സ്റ്റേറ്റ്മെന്റ്/ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ഇല്ല. |
| 7 | Treasury Special TSB Joint Venture | 1000000 | റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഇല്ല. |

5. ഇ എം എസ് ഭവന പദ്ധതി പ്രകാരമുള്ള ലോണിനത്തിൽ മലപ്പുറം ജില്ലാ സഹകരണ ബാങ്കിലേക്ക് വാർഷിക കണക്ക പ്രകാരം(B-5) 3842645/- രൂപ അടവാക്കാൻ ബാക്കിയുണ്ട്. എന്നാൽ രജിസ്റ്റർ പ്രകാരം ഈയിനത്തിൽ ബാലൻസില്ല.

6. KURDFC യിലേക്കുള്ള ലോണിനത്തിൽ വർഷാരംഭത്തിൽ തിരിച്ചടക്കാൻ 16769046/- രൂപയും തൻവർഷം ലോണിനത്തിൽ വരവ് 1000000/- രൂപയും ഉൾപ്പടെ 17769046/- രൂപ വാർഷിക കണക്ക പ്രകാരം (B-5) പ്രകാരം ബാലൻസുണ്ട്. എന്നാൽ ജി ഒ പ്രൊജക്ടുകൾ പ്രകാരം 2075334/- രൂപ KURDFC യിലേക്കുള്ള ലോണിനത്തിൽ തിരിച്ചടവ് വന്നിട്ടുള്ളത് അടവാക്കാനുള്ള തുകയിൽ കുറവ് വരുത്തിയിട്ടില്ല.

7.ലൈഫ് ഭവന പദ്ധതിയുടെ ലോൺ രജിസ്റ്ററിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

8.വാടക രജിസ്റ്റർ പ്രകാരമുള്ള DCBകണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | വരവ് | ബാലൻസ് |
|---|---|---|---|
| രജിസ്റ്റർ | 238036 | 238036 | 0 |
| AFS | ഉൾപ്പെടുത്തിയിട്ടില്ല | 238036 | -238036 |

9. സേവന സ്റ്റേറ്റ്മെന്റ് പ്രകാരം കർഷക തൊഴിലാളി പെൻഷൻ(4765800/-) ഇനത്തിൽ ചെലവുണ്ടെങ്കിലും ആയത് Income & Exp. Schedule I-14(d) യിൽ ഉൾപ്പെട്ടിട്ടില്ല.

10.ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരമുള്ള DCB കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | വരവ് | ബാലൻസ് |
|---|---|---|---|

| | | | |
|---|---|---|---|
| രജിസ്റ്റർ | 1565490 | 1565490 | 0 |
| AFS | 1545490 | 1534457 | ഉൾപ്പെടുത്തിയിട്ടില്ല |

11.ഫാക്ടറി വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള വരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

ലൈസൻസ് ഫീസ്

| | ഡിമാന്റ് | വരവ് | ബാലൻസ് |
|---|---|---|---|
| രജിസ്റ്റർ | 391600 | 391600 | 0 |
| AFS | ഉൾപ്പെടുത്തിയിട്ടില്ല | 211850+267540 | -211850 |

മെഷീൻ റണ്ണിംഗ് ഫീസ്

| | ഡിമാന്റ് | വരവ് | ബാലൻസ് |
|---|---|---|---|
| രജിസ്റ്റർ | 9900 | 9900 | 0 |
| AFS | 9700 | 9700 | 0 |

ട്രേഡേഴ്സ് തൊഴിൽ നികുതി

| | ഡിമാന്റ് | വരവ് | ബാലൻസ് |
|---|---|---|---|
| രജിസ്റ്റർ | 563220 | 563220 | 0 |
| AFS | ഉൾപ്പെടുത്തിയിട്ടില്ല | 339250+294800(advance) | -338000 |

12.ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

Cash Book(Financial Statement)-35005725

AFS (I-6) -30402825

13.ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയ കാൽക്കുലേഷൻ ഷീറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

14. AFS (B7 ) പ്രകാരം Deposits Received ഇനത്തിൽ വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിലായി 1066781/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

15. മുൻകൂർ രജിസ്റ്ററിൽ ജീവനക്കാർക്ക് ഉൽസവ മുൻകൂർ നൽകിയതു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കിലെ ബി18 ഷെഡ്യൂളിൽ പരാമർശിച്ചവയുടെ സംഗ്രഹം രേഖപ്പടുത്തുകയോ വിശദാംശങ്ങൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

16. തനത് ഫണ്ട് അക്കൗണ്ട് (കെ.ജി.ബി ) മാർച്ച് 2022 ലെ റികൺസിലിയേഷൻ ( സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല) പ്രകാരം 2021 നവംബറിലും അതിനു മുമ്പും നൽകിയ ചെക്കുകൾ പ്രകാരം 385333 രൂപ Stale Cheques ആയി ഉണ്ട്.എന്നാൽ ബാലൻസ് ഷീറ്റ് (B-9) പ്രകാരം 14890രൂപയാണ് Stale Cheques രേഖപ്പെടുത്തിയിട്ടുള്ളത്.

(അപാകതകൾ പരാമർശിച്ച് നൽകിയ 18/17.11.2022 നം. ഓഡിറ്റ് എൻക്വയറിക്ക് - മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-12 വസ്തുനികുതി നിർണ്ണയത്തിലെ അപാകത

ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള (ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗണുകൾ) കെട്ടിടങ്ങളുടെ അംഗീകരിച്ച അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 40/- രൂപ / ച.മീ.

100ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ളവ : 60/- രൂപ / ച.മീ.

എന്നാൽ ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 100 ചതുരശ്ര മീറ്ററിനു മുകളിൽ വരുന്നതും മുകളിൽ പരാമർശിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ വിവിധ നമ്പറുകൾ അനുവദിച്ച താഴെ പറയുന്ന കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിലേക്ക് അടിസ്ഥാന നികുതി 60/- രൂപ പരിഗണിക്കേണ്ടതിനു പകരം 40/- രൂപയാണ് കണക്കിലെടുത്തിരിക്കുന്നത്.

| പേര് | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം ($M^2$) | നിർണ്ണയിച്ച നികുതി | നിർണ്ണയി ക്കേണ്ടത് | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|---|---|
| ശ്രീ അസ്‌ലം | VIII/107H | 28.41 | അടിസ്ഥാന വസ്തു നികുതി =28.41*40<br>=1136.4<br>വഴി സൗകര്യ ത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ്=227.28<br>ബഹുനിലകെട്ടിടത്തിന്റെ | അടിസ്ഥാന വസ്തു നികുതി=28.41*60<br>=1704.6<br>വഴി സൗകര്യ ത്തിന്റെ അടിസ്ഥാന ത്തിലുള്ള വർദ്ധനവ്=340.92<br>ബഹുനില കെട്ടിടത്തിന്റെ | 613+31= 644 | വഴി സൗകര്യ ത്തിന്റെ അടിസ്ഥാന ത്തിലുള്ള വർദ്ധനവ്-20%<br>ബഹുനില കെട്ടിടത്തിന്റെ ഭൂനിരപ്പിന്റെ നിലയുടെ മുകളിലുള്ള |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | ഭൂനിരപ്പിന്റെ നിലയുടെ മുകളിലുള്ള ഓരോ നിലക്കുമുള്ള ഇളവ്-10%= (1136.4+227.28)*10%=136.4<br>ലൈബ്രറി സെസ്=62<br>1228+62=1290 | ഭൂനിരപ്പിന്റെ നിലയുടെ മുകളിലുള്ള ഓരോ നിലക്കുമുള്ള ഇളവ്-10%= (1704.6+340.92)*10% =204.552<br>ലൈബ്രറി സെസ്=93<br>1841+93=1934 | | | |
| | | VIII/107 I | 111.15 | അടിസ്ഥാന വസ്തു നികുതി=111.15*40 =4446<br>വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ്=889.2<br>ബഹുനില കെട്ടിടത്തിന്റെ ഭൂനിരപ്പിന്റെ നിലയുടെ മുകളിലുള്ള ഓരോ നിലക്കുമുള്ള ഇളവ്-10%= (4446+889.2)*10%=533.6<br>ലൈബ്രറി സെസ്=241<br>4803+241=5044 | അടിസ്ഥാന വസ്തു നികുതി=111.15*60 =6669<br>വഴി സൗകര്യ ത്തിന്റെ അടിസ്ഥാന ത്തിലുള്ള വർദ്ധനവ്=1333.8<br>ബഹുനില കെട്ടിടത്തിന്റെ ഭൂനിരപ്പിന്റെ നിലയുടെ മുകളിലുള്ള ഓരോ നിലക്കുമുള്ള ഇളവ്-10%= (6669+1338.8)*10% =800.3<br>ലൈബ്രറി സെസ്=361<br>7208+361=7569 | 2405+120 | ഓരോ നിലക്കുമുള്ള ഇളവ്-10% | |
| | ശ്രീമതി കോമളവല്ലി | VII/390B | 61.83 | അടിസ്ഥാന വസ്തു നികുതി=61.83*40 =2473.2<br>വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ്=494.64<br>മേഖല,മേൽക്കരയുടെ അടിസ്ഥാനത്തിൽ ഇളവ്-20%=494.64<br>ലൈബ്രറി സെസ്=124<br>2474+124 | അടിസ്ഥാന വസ്തു നികുതി=61.83*60 =3709.8<br>വഴി സൗകര്യ ത്തിന്റെ അടിസ്ഥാന ത്തിലുള്ള വർദ്ധനവ്=741.96<br>മേഖല,മേൽക്കരയുടെ അടിസ്ഥാനത്തിൽ ഇളവ്-20%=741.96<br>ലൈബ്രറി സെസ്=186<br>3710+186 | 1236+62 | വഴി സൗകര്യ ത്തിന്റെ അടിസ്ഥാന ത്തിലുള്ള വർദ്ധനവ്-20%<br>മേഖല, മേൽക്കരയുടെ അടിസ്ഥാന ത്തിൽ ഇളവ്-20% | |
| | | VII/390C | 36.77 | 100ച.മീറ്ററിന മുകളിൽ തറ വിസ്തീർണ്ണ മുള്ളവയുടെ നിരക്കാണ് നൽകിയിട്ടുള്ളത് | - | - | | |
| | | VII/390D | 26 | 100ച.മീറ്ററിന മുകളിൽ തറ വിസ്തീർണ്ണ മുള്ളവയുടെ | - | - | | |

| | | | | | | |
|---|---|---|---|---|---|---|
| | | | നിരക്കാണ് നൽകിയിട്ടുള്ളത് | | | |
| | ആകെ | 264.16 | 8505+427 | 12759+640 | 4254+213 | |

കേരള പഞ്ചായത്ത് രാജ് നിയമം 203(3) വകുപ്പ് പ്രകാരം ഒരേ ഇനത്തിന് അല്ലെങ്കിൽ അതിന്റെ ഉപവിഭാഗത്തിൽ പെട്ട എല്ലാ കെട്ടിടങ്ങൾക്കും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് എല്ലായിടത്തും ഒരേ അടിസ്ഥാന വസ്തു നികുതി നിരക്ക് ആയിരിക്കേണ്ടതാണ്. ചില കെട്ടിടങ്ങൾക്ക് 40 രൂപയിലും മറ്റു ചില കെട്ടിടങ്ങൾക്ക് 60 രൂപ നിരക്കിലും ഒരേ ഉപയോഗതരത്തിലുള്ള കെട്ടിടങ്ങൾക്ക് നികുതി ചുമത്തുന്നത് വിവേചനപരവും 203(3) വകുപ്പിന്റെ ലംഘനവുമാണ്. മേൽ അപാകത കാണിച്ച് ഓഡിറ്റ് എൻക്വയറി(നം.19/18.11.2022) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തെറ്റായ നിരക്കിൽ നിർണ്ണയിച്ച നികുതി പുനർ നിർണ്ണയിക്കേണ്ടതും കുടിശ്ശിക സഹിതം പിരിച്ചെടുത്ത് വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-13 കൈപ്പറ്റ്/വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകളിൽ ബന്ധപ്പെട്ട സ്ഥാപനത്തിൽ/ഏജൻസികളിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രങ്ങൾ/കൈപ്പറ്റ് ഹാജരാക്കിയിട്ടില്ല.

| ക്രമ.നം | പ്രൊജക്ട് | ബിൽ/ബി.ആർ.എൻ/തുക | റിമാർക്സ് |
|---|---|---|---|
| 1 | 1/22 ഐ.കെ.എം.ന് വിഹിതം നൽകൽ | 82573 രൂപ 21151252002000131032/11.6.21 | 7.07.21 ന് വിനിയോഗ വിവരം ആവശ്യപ്പെട്ട് സെക്രട്ടറി കത്തയച്ചെങ്കിലും ലഭ്യമായിട്ടില്ല |
| 2 | 3/22 ആശ്രയ ആരോഗ്യ സേവനങ്ങൾ-മറ്റ സേവനങ്ങൾ | 1,00,000 രൂപ. 21151252002000131053/11.6.21 | അഗതി രഹിത കേരളം-കുടുംബശ്രീയുടെ 40287101071236നം. അക്കൌണ്ടിലേക്ക് കൈമാറി. ചെലവു രേഖകളോ വിനിയോഗ വിവരമോ ലഭ്യമല്ല. |

ഓഡിറ്റ് എൻക്വയറി 9/17.11.22 പ്രകാരം രേഖകൾ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കുന്നത് വരെ 182573 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-14 എസ്.എസ്.എ.(എസ്.സി )- എസ്.സി. മേഖലയിൽ ചെലവഴിച്ച വിനിയോഗ വിവരം ഇല്ല.

എസ്.എസ്.എ പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് രണ്ട് പ്രൊജക്ടുകളിലായി 16 ലക്ഷം രൂപ എസ്.എസ്.എ ജില്ലാ പ്രൊജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്.

1. പ്രൊജക്ട് 2/22 എസ്.എസ്.എ. പഞ്ചായത്ത് വിഹിതം നൽകൽ (ജനറൽ). വികസന ഫണ്ട് ജനറൽ- 8,00,000 രൂപ. ബിൽ റഫ നം..21151252002000131043.

2. പ്രൊജക്ട് 4/22 എസ്.എസ്.എ. പഞ്ചായത്ത് വിഹിതം നൽകൽ (എസ്.സി). വികസന ഫണ്ട് (എസ്.സി.പി)- 8,00,000 രൂപ. ബിൽ റഫ.നം.21151252002000131061.

എസ്.എസ്.കെ മലപ്പുറം ജില്ലാ പ്രൊജക്ട് കോ-ഓർഡിനേറ്ററുടെ 6.08.22 ലെ A.1646/21/SSK നമ്പർ കത്തിനോടൊപ്പം ലഭ്യമാക്കിയ 2021-22 ൽ കൈപ്പറ്റിയ 16 ലക്ഷം രൂപയുടെ വിനിയോഗ സാക്ഷ്യപത്രം പ്രകാരം എസ്.സി മേഖലയിൽ തുക ചെലവഴിച്ചതിന്റെ വിവരങ്ങളൊന്നും തന്നെ ഇല്ല. എസ്.സി.പി ഫണ്ടിൽ നിന്നും വകയിരുത്തി നൽകിയ തുക ആ മേഖലയിൽ ചെലവഴിക്കേണ്ടതാണ് എന്നിരിക്കെ അപ്രകാരമുള്ള വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (12/17.11.22) ആയത് ലഭ്യമാക്കുന്നതാണെന്ന മറുപടി സമർപ്പിച്ചു. വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 ജി.എസ്.ടി.-ടി.ഡി.എസ് ഈടാക്കിയില്ല.

ഒരു കരാറിന്റെ അടിസ്ഥാനത്തിൽ സപ്ലൈ ചെയ്തതിന് തുക നൽകുന്ന വേളയിൽ ആയതിന്റെ മൂല്യം 2,50,000 രൂപയും മുകളിലാണെങ്കിൽ CGSTനിയമത്തിലെ സെക്ഷൻ 51 ന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 13.09.2018ലെ വിജ്ഞാപനം നം.50/2018 പ്രകാരം 01.10.2018 പ്രാബല്യത്തിൽ 2% ജി.എസ്.ടി.TDS നടത്തണം. നികുതി ബാധകമായ ഇനങ്ങളുടെ നികുതി കിഴിച്ചുള്ള വിലയുടെ 2% ആണ് TDS നടത്തി നികുതി വകുപ്പിന് ഒടുക്കേണ്ടത്. സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകളിൽ പട്ടികയിൽ പരാമർശിച്ച ഇൻവോയ്സുകൾ പ്രകാരമുള്ള തുക അനുവദിച്ച വേളയിൽ കരാർ സ്ഥാപനമായ കടവിൽ ഇൻഫോടെക് എന്ന സ്ഥാപനത്തിൽ നിന്നും ബാധകമായ 2%നികുതി TDS നടത്തിയിട്ടില്ല.

| പ്രൊജക്ട് | ബിൽ/ചെക്ക് നം/തീയതി | തുക | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| 43/22 ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- | Xy1594427/25.03.2022 | 194220 | ഇൻവോയ്സ് 679/15.03.22 GST ബാധകമായ തുക-164593) + GST18%- 29627 |
| | 52100966/16-2-22 | 294660 | ഇൻവോയ്സ് 479/18.01.22 GST ബാധകമായ തുക-77593) + GST18%- 13967<br>ഇൻവോയ്സ് 492/24.01.22 GST ബാധകമായ തുക-12711) + GST18%- 2288<br>ഇൻവോയ്സ് 472/14.01.22 GST ബാധകമായ തുക 159406.77) + GST18%- 28693 |
| 100/22 പ്രസിഡന്റിനും സെക്രട്ടറിക്കും ലാപ്ടോപ്പ് | 52100844/28-1-22 | 91560 | ഇൻവോയ്സ് 473/14.01.22 GST ബാധകമായ തുക-77593) + GST18%- 13967 |
| MGNREGS ലേക്ക് ലാപ്ടോപ്പുകൾ/പ്രിന്റർ | 45550/9-3-22 | 274680 | ഇൻവോയ്സ് 489/21.01.22 GST ബാധകമായ തുക-232780) + GST18%- 41900 |

നികുതി വിധേയമായ 724667 രൂപയുടെ 2% ആയ 14494/- രൂപ ബില്ലുകളിൽ നിന്ന് കുറവ് വരുത്തി നികുതി വകുപ്പിൽ ഒടുക്കേണ്ടതായിരുന്നു. സർക്കാർ നിർദ്ദേശത്തിനനുസൃതമായി നികുതി പിടിച്ച് ഒടുക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 17/18.11.22)

## 1-16 സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകത

ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്ററുകളുടെ രേഖപ്പെടുത്തലിലും പരിപാലനത്തിലും അപാകതകൾ ഉണ്ട്.
കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾ, വില കുറഞ്ഞ സ്റ്റോർ എന്നിവയും, ഓഫീസ് ഫർണിച്ചറിനും, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയും പ്രത്യേകം സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കുന്നില്ല. വാർഷിക സ്റ്റോക്ക് പരിശോധന കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങൾ പ്രകാരം നടത്തുന്നില്ല. പർച്ചേസ് ചെയ്ത ഉപകരണങ്ങളുടെ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ നിശ്ചിത മാതൃകയിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2.ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ ,സോഫ്റ്റ് വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. നിലവിൽ സ്റ്റേഷനറി , ഫോറങ്ങൾ എന്നിവയ്ക്കായി സൂക്ഷിക്കുന്ന രജിസ്റ്ററിൽ തന്നെയാണ് കംപ്യൂട്ടർ ഉൾപ്പെടെ രേഖപ്പെടുത്തുന്നത്. സർക്കാർ നിർദ്ദേശപ്രകാരം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 13/17.11.22 ആയി ഇക്കാര്യം ശ്രദ്ധയിൽ പെടുത്തിയതിന് മറുപടിയായി രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചതായി അറിയിച്ചു. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-17 എം.ജി.എൻ.ആർ.ഇ.ജി.എസ്-മുൻകൂർ തുകകൾ ക്രമീകരിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

2021-22 സാമ്പത്തിക വർഷം കേന്ദ്രഫണ്ട് വരവിന്റെ അഭാവത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എസ് ജീവനക്കാർക്ക് വേതനം നൽകുന്നതിനായി തനത് ഫണ്ടിൽ നിന്നും 12,47,420 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം എം.ജി.എൻ.ആർ.ഇ.ജി.എസ് -ന് നൽകിയ മുൻകൂർ തുക തനത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല. ആയത് ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഇക്കാര്യം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 1/11.11.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല). ക്രമീകരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 ദുരിതാശ്വാസ നിധി പ്രവർത്തനക്ഷമമല്ല.

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം രൂപീകരിക്കുന്നതാണ് മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ദുരിതാശ്വാസ നിധി. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്.
ഇപ്രകാരം എടപ്പാൾ ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ച നിധി നിലവിൽ പ്രവർത്തനക്ഷമമല്ല.എടപ്പാൾ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിലെ ഇക്കാര്യത്തിനായുള്ള 703202010005305 നമ്പർ അക്കൗണ്ടിൽ 31.03.2022 ലെ നീക്കിയിരിപ്പ് തുക 7639 രൂപയാണ്. വർഷങ്ങളായി ബാങ്ക് പലിശ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നതല്ലാതെ ചട്ടം അനുശാസിക്കുന്ന വിധത്തിലുള്ള യാതൊരു പ്രവർത്തനവും ഇക്കാര്യത്തിൽ നടക്കുന്നില്ല. സമൂഹത്തിലെ ജനങ്ങൾക്ക് ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നല്ലാതെ ധനസഹായം ലഭ്യമാകുന്നതിനുള്ള ദുരിതാശ്വാസ നിധി സജീവമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

## 1-19 ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലല്ലാത്ത ലൈബ്രറികൾക്ക് പത്രമാസികകൾ നൽകുന്നു

പ്രൊജക്ട് :186/22, ഗ്രന്ഥശാലകളിലേയ്ക്ക് പത്രമാസികകളും ആനുകാലികങ്ങളും നൽകൽ
നിർവ്വഹണം: ഹെഡ് മാസ്റ്റർ,ജി.എം.യു.പി.എസ്, എടപ്പാൾ.
അടങ്കൽ : 1,00,000 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്)
ചെലവ് : 98,840 രൂപ

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലല്ലാത്ത 7 ഗ്രന്ഥശാലകൾക്ക് ദിനപത്രങ്ങൾ, മാസികകൾ, ആനുകാലികങ്ങൾ എന്നിവ നൽകുന്നതിനായി 98,840 ചെലവഴിച്ചിട്ടുണ്ട്. 2020-21വർഷത്തെ തുക 47600 (ACR Bill No.396/23.3.22)രൂപയും 2021-22 വർഷത്തെ തുക 51,240 (ACR Bill No.361/14.3.22) രൂപയുമാണ് പ്രൊജക്ട് പ്രകാരം ചെലവഴിച്ചിട്ടുള്ളത്. 29.1.18ലെ സ.ഉ.(കൈ)11/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ 7.6(11)ഉപഖണ്ഡിക പ്രകാരം ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള പഞ്ചായത്ത് ലൈബ്രറികളുടെ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് പ്രൊജക്ട് ഏറ്റെടുക്കാമെങ്കിലും ദൈനംദിന ചെലവുകൾക്കും ആവർത്തന സ്വഭാവമുള്ള ചെലവുകൾക്കും പദ്ധതി ഏറ്റെടുക്കുന്നതിനെ കുറിച്ച് പരാമർശിച്ചിട്ടില്ല. 14.2.18ലെ സ.ഉ.(കൈ)22/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 2.2 ൽ പ്രസ്തുത മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനത്തിനോ അധികം നിരക്കിലോ സബ്സിഡി നൽകുന്നതിന് സർക്കാരിൽ നിന്നും മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതുണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലല്ലാത്ത ഗ്രന്ഥശാലകളിലേയ്ക്ക് ആവർത്തന സ്വഭാവമുള്ള ചെലവായ പത്രമാസികകളും ആനുകാലികങ്ങളും നൽകൽ പദ്ധതി നടപ്പാക്കിയത് സർക്കാരിൽ നിന്നുള്ള ഏത് നിർദ്ദേശപ്രകാരമാണെന്ന് അറിയിക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 10 /17.11.2022) നൽകി. വർഷങ്ങളായി നടപ്പിലാക്കുന്ന പദ്ധതിയായതിനാൽ നിർവ്വഹിച്ചതാണെന്ന് മറുപടി അറിയിച്ചു.

മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനം നടപ്പിലാക്കുന്നത് സർക്കാരിൽ നിന്നും മുൻകൂർ അനുമതി ലഭ്യമാക്കിയ ശേഷമാണെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-20 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് പദ്ധതി -അപാകതകൾ

പ്രൊജക്ട് : 25/22, പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്
നിർവ്വഹണം : അസിസ്റ്റന്റ് സെക്രട്ടറി,
അടങ്കൽ : 6,00,000 (വികസന ഫണ്ട്- എസ്.സി.പി)+ 9500 (തനത് ഫണ്ട്)

ചെലവ് : 187165(വികസന ഫണ്ട്- എസ്.സി.പി)+0(തനത് ഫണ്ട്)
BR No. 21151252037700584909/28-10-2021 : 27229
BR No. 2115125203770138320/19-3-2022 : 159936 (4 എണ്ണം)

അപാകതകൾ

1. പ്രസ്തുത പദ്ധതി പ്രകാരം ഒരു ലാപ്ടോപ് ലഭ്യമാക്കുന്നതിനായി 27,229 രൂപ IKM ന് (Prof Invoice:TVM/ITBG/P1/RC/31078/20-21 /20.10.21) നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രസ്തുത ലാപ്ടോപ് ലഭ്യമായിട്ടില്ല.
2. ലാപ്ടോപ്പ് വിതരണ രജിസ്റ്റർ പ്രകാരം 4 പേർക്ക് മാത്രമാണ് ലാപ്ടോപ്പ് വിതരണം ചെയ്തിട്ടുള്ളത്. പ്രൊജക്ടിൽ 6,09,500 രൂപ വകയിരുത്തലുണ്ടായിട്ടും അർഹരായ മുഴുവൻ വിദ്യാർത്ഥികൾക്കും ലാപ്ടോപ്പ് വിതരണം നടത്തുന്നതിന് കഴിഞ്ഞിട്ടില്ല.
ഓഡിറ്റ് എൻക്വയറി (നം. 11 /17.11.2022)ക്ക് ലഭ്യമാക്കിയ CPRCS ൽ നിന്ന് ലാപ് ടോപ് ലഭ്യമാക്കുന്നതാണെന്നും ശേഷിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടെന്നും അറിയിച്ചു. മറുപടിയിൽ 27,229/- രൂപ ക്രമീകരക്കുകയോ ലാപ്ടോപ്പ് ലഭ്യമാക്കുകയോ ചെയ്യുന്നത് വരെ 27,229/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. അർഹരായ മുഴുവൻ വിദ്യാർത്ഥികൾക്കും ലാപ്ടോപ്പ് വിതരണം ചെയ്യേണ്ടതാണ്.

## 1-21 മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല-(ഹോമിയോ)

| | |
|---|---|
| വർഷം | 2021-22 |
| പ്രോജെക്ട് നമ്പർ | 14 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിയിലേക്ക മരുന്നു വാങ്ങൽ |
| അടങ്കൽ | 150000 രൂപ (മെയിന്റനൻസ് ഫണ്ട് -റോഡിതരം) |
| ചെലവ് | 150000 രൂപ<br>BRN No.21151252034400745897/03.12.2021 |
| നിർവഹണം | മെഡിക്കൽ ഓഫീസർ , ഹോമിയോ |

മേൽ പ്രൊജക്ട് പ്രകാരം ഹോമിയോ ഡിസ്പൻസറിയിലേക്ക മരുന്ന് വാങ്ങുന്നതിന് ഹോംകോ-ക്ക് അവരുടെ പ്രൊഫോർമ ഇൻവോയ്സുകൾ പ്രകാരം 1,50,000 രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. മരുന്ന് ലഭ്യമായ വിവരം ഫയലിൽ ഇല്ല. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.
(എൻക്വയറി നമ്പർ : 3/16-11-22)

## 1-22 ഭക്ഷണ സാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ : ഐ.സി.ഡി.എസ് സൂപ്പർവൈസർ
സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ ഐ.സി.ഡി.എസ് ബി3-312/10 തീയതി 18-12-10 കത്ത് പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ടുകളുടെ സാമ്പിളുകൾ പരിശോധന നടത്താനും നിർദ്ദേശിച്ചിരുന്നു. മേൽ കത്ത് പ്രകാരം അംഗനവാടികളിലൂടെ പ്രീ-സ്കൂൾ കുട്ടികൾ, ഗർഭിണികൾ മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് വിതരണം ചെയ്യുന്ന ഭക്ഷണസാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
(എൻക്വയറി നമ്പർ. 16/18-11-2022-മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-23 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അധിക തുക അനുവദിച്ചു

നിർവ്വഹണോദ്യോഗസ്ഥൻ : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

1. പ്രൊജക്ട് നമ്പർ, പേര് : 162/22, ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്
അടങ്കൽ : 1938000 ( ധനകാര്യ കമ്മീഷൻ അവാർഡ് - 969000,ബ്ലോക്ക് വിഹിതം-484500, ജില്ലാ പഞ്ചായത്ത്-484500)
ചെലവ് തുക : 1857500(ധനകാര്യ കമ്മീഷൻ അവാർഡ് - 969000,ബ്ലോക്ക് വിഹിതം-404000, ജില്ലാ പഞ്ചായത്ത്-484500)
ബിൽ നമ്പർ : 249/29-01-2022 – 1,11,000, BRN. No. 21151252034601175878/22-2-2022- 54,100
ബിൽ നമ്പർ :296/17-02-2022 – 78,500

മേൽ പ്രോജക്ട് പ്രകാരം ഗ്രാമ പഞ്ചായത്തിലെ ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന ഭിന്നശേഷി വിദ്യാർത്ഥികൾക്ക് അവർക്ക് അർഹമായതിലും അധികം സ്കോളർഷിപ്പ് തുക അനുവദിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പേര് | അനുവദനീയമായ തുക | അനുവദിച്ച തുക | അധികം |
|---|---|---|---|
| സ്നേഹ കെ-ശാരീരിക വൈകല്യം (10-ാം ക്ലാസ് വിദ്യാർത്ഥിനി) | 8000 | 28500 | 20500 |
| മുഹമ്മദ് ഷബീബ് | 28500 | 32500 | 4000 |

| | | | |
|---|---|---|---|
| മാനസിക വൈകല്യം | | | |

അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറി (നം.14/18.11.22) ക്ക് അധികം കൈപ്പറ്റിയ തുക തിരിച്ചടവാക്കുന്നതിന് ബന്ധപ്പെട്ട ഗുണഭോക്താക്കളോട് രേഖാമൂലം ആവശ്യപ്പെട്ടതായും തുടർവർഷങ്ങളിൽ ആയത് ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചതായും 21.11.22 ന് ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചു. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-24 എയിഡഡ് സ്കൂളിന് ടോയ്ലറ്റ് നിർമ്മിച്ച് നൽകിയത്- പദ്ധതി മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല-

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് കാലയളവിൽ ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന എയിഡഡ് സ്കൂളുകൾക്ക് ടോയ്ലറ്റ് യൂണിറ്റുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | പ്രൊജ.നം | പ്രൊജക്ടിന്റെ പേര് | അടങ്കൽ തുക ഫണ്ടിനം | ചെലവ് തുക | ബിൽ നം/ ചെക്ക്നം, തീയ്യതി |
|---|---|---|---|---|---|
| 1 | S0130/2022 | AUPS പെരുമ്പറമ്പ് ടോയ് ലറ്റ് നിർമാണം | 500000 | 413556 | (ചെക്ക്നമ്പർ XY5139890/ 26.07.21) |
| 2 | S0152/2022 | സി.എം.സി.എൽ.പി.എസ് തലമുണ്ട സാനിറ്ററി കോംപ്ലക്സ് നിർമാണം | 520000/- | 323866/- | 15/08.12.21 |
| 3 | S0150/2022 | AMLPS പൂക്കരത്തറ ടോയ് ലറ്റ് നിർമാണം- | 520000/- | 380710/- | 31/27.01.2022 |
| 4 | S0151/2022 | AMLPS അയിലക്കാട് ടോയ് ലറ്റ് നിർമാണം- | 520000/- | 425017/- | 17/08.12.2021 |
| 5 | S0149/2022 | AMLPS കോലൊളമ്പ് ടോയ് ലറ്റ് നിർമാണം- | 520000/- | 451612/- | 18/08.12.2021 |

പ്രസ്തുത പദ്ധതി നിർവ്വഹണം സംബന്ധിച്ച് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

അപാകതകൾ

1. പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 നമ്പർ ഉത്തരവ് പ്രകാരം എല്ലാ ഗവൺമെന്റ് സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്ലെറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാവുന്നതാണ് എന്നാണ് വ്യക്തമാക്കുന്നത്. എന്നാൽ പഞ്ചായത്ത് പ്രൊജക്ട് തയ്യാറാക്കുന്നതിന് മുമ്പ് എല്ലാ സർക്കാർ സ്കൂളുകളിലും കുട്ടികളുടെ എണ്ണത്തിനനുസരിച്ച് സർക്കാർ നിർദ്ദേശിക്കുന്ന മാനദണ്ഡ പ്രകാരമുള്ള ടോയ്ലറ്റുകൾ, മറ്റ് സൗകര്യങ്ങൾ ഉണ്ടോ എന്നിവ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയതിന്റെ വിശദാംശങ്ങൾ പ്രവൃത്തി ഫയലിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ല.

2. പ്രസ്തുത എയ്ഡഡ് സ്കൂളിൽ എത്ര കുട്ടികൾ പഠിക്കുന്നുണ്ട് എന്നും അവിടങ്ങളിൽ നിലവിൽ എത്ര ടോയ് ലറ്റുകൾ ലഭ്യമാണ്, ഇനി ആവശ്യമുള്ളത് എത്ര എന്നതിനെക്കുറിച്ചും വ്യക്തമായ പഠനം നടത്തിയതായി കാണുന്നില്ല.

3.എയ്ഡഡ് സ്കൂളിൽ ടോയ്ലറ്റ് നിർമ്മിച്ച് നൽകണമെന്ന് സ്കൂളിന്റെ ഉടമസ്ഥർ (മാനേജ്മെന്റ് കമ്മിറ്റി) രേഖാമൂലം അപേക്ഷ നൽകിയിട്ടില്ല. കൂടാതെ മാനേജ്മെന്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പ്രവൃത്തി നടത്തുന്നതിന് അവരുടെ രേഖാമൂലമുള്ള സമ്മതം നേടിയിട്ടുമില്ല. ഇക്കാര്യങ്ങൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നമ്പർ 15/18.11.2022) ക്ക്, പ്രസ്തുത പ്രൊജക്ടുകൾ ഭരണ സമിതി തീരുമാനിച്ചതും DPC അംഗീകാരം ലഭിച്ചതുമായതു കൊണ്ടാണ് നിർവഹിച്ചത് എന്ന് മറുപടി സമർപ്പിച്ചിട്ടുണ്ട്. ഈ മറുപടി വസ്തു

നിഷ്ഠമോ സ്വീകാര്യമോ അല്ല. എയിഡഡ് സ്കൂളുകൾക്ക് വേണ്ടി സ്ഥിര സ്വഭാവമുള്ള ആസ്തി സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് പദ്ധതി മാർഗ്ഗ രേഖയിൽ പറയുന്ന നിബന്ധനകൾ കർശനമായി പാലിക്കുന്നതിനും, പദ്ധതി രൂപീകരണ ഘട്ടത്തിൽ തന്നെ ഇത്തരം അപാകതകൾ ഉണ്ടാവാതിരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-25 മരാമത്ത് പ്രവൃത്തികൾ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കാതെയാണ് ബിൽ തുക കരാറുകാരന് നൽകിയിട്ടുള്ളത്.

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25 % ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1 % പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതുമാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2 % പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50 % ൽ അധികരിക്കാവുന്നതല്ല. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷനൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്നാണ് നിർദേശിച്ചിട്ടുള്ളത്.

എടപ്പാൾ ഗ്രാമ പഞ്ചായത്ത് 2021-22 സാമ്പത്തിക വർഷത്തിൽ നിർവ്വഹിച്ച താഴെ പറയുന്ന പ്രവൃത്തികൾ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാതെയാണ് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുള്ളത്. മരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

1. പഴയങ്ങാടി പഴയ ബ്ലോക്ക് റോഡ് റീ-ടാറിംഗ്

| | |
|---|---|
| പ്രൊജക്ട് നമ്പരും പേരും | 157/22- പഴയങ്ങാടി പഴയ ബ്ലോക്ക് റോഡ് റീ -ടാറിംഗ് |
| അടങ്കൽ/ ഫണ്ടിനം : | 397000<br>(പൊതുവിഭാഗം - ജനറൽ) |
| ചെലവ്/ ബിൽ നം.തീയ്യതി. | 395225/- (40/26.02.2022) |
| കരാർ നം. തീയ്യതി | AE/LSGD/EDPL/115/2019-2020 /Dated 29.02.2020 |
| (PAC): | 393062.09 |
| കരാറുകാരൻ | ശ്രീ U.V സിദ്ദീക്ക് |
| സൈറ്റ് കൈമാറിയ തീയ്യതി | രേഖപ്പെടുത്തിയിട്ടില്ല |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി:സർക്കാർ ഉത്തരവ് പ്രകാരം കോവിഡ് കാലയളവിൽ പ്രവൃത്തി പൂർത്തീകരണത്തിന് 6 മാസം കൂടി ഇളവ് അനുവദിച്ചതിനാൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട യഥാർത്ഥ കാലയളവ് | 28.12.2020<br>TS No. 308/2019-2020 Dated 29.02.2020 പ്രകാരം പൂർത്തീകരണ കാലാവധി 4 മാസവും സർക്കാർ ഇളവനുവദിച്ച 6 മാസവും ചേർത്ത് ആകെ കാലാവധി 10 മാസം |
| പൂർത്തീകരിച്ച തീയ്യതി: | 01.01.2022 ( MB .No. 1129 പേജ് നമ്പർ 03) |
| അളവു പുസ്തകം : | 1128 & 1129 |

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 395225/- |
| ഈടാക്കേണ്ട പിഴ :<br>29.12.2020 മുതൽ 28.03.2021 വരെ – ആദ്യത്തെ 3 മാസം (PACയുടെ 1%)<br>29.03.2021 മുതൽ 28.06.2021 വരെ 3 മാസം (PAC യുടെ 2%)<br>29.06.2021 മുതൽ 28.09.2021 വരെ 3 മാസം (PAC യുടെ 2%)<br>29.09.2021 മുതൽ 28.12.2021 വരെ 3 മാസം (PAC യുടെ 2%)<br>29.12.2021 മുതൽ 01.01.2022 വരെ 4 ദിവസം (PAC യുടെ 2%) | 3930/-<br>7860/-<br>7860/-<br>7860/-<br>349/- |
| ആകെ ഈടാക്കേണ്ടത് : | 27859/- |

2. പൊൽപ്പാക്കര- അമ്പലം റോഡ് കോൺ ക്രീറ്റിംഗ്

| | |
|---|---|
| പ്രൊജക്റ്റ് നമ്പരും പേരും: | 134/22- പൊൽപ്പാക്കര - അമ്പലം റോഡ് കോൺക്രീറ്റിംഗ് |
| അടങ്കൽ /ഫണ്ടിനം | 390000/-<br>(പൊതുവിഭാഗം - ജനറൽ) |
| ചെലവ്/ ബിൽ നം.തീയ്യതി. | 323874/- (49/27.03.2022) |
| കരാർ നം. തീയ്യതി | AE/LSGD/EDPL/23/2020-21/Dated 01.01.2021 |
| (PAC): | 289805..45 |
| കരാറുകാരൻ | ശ്രീ അരവിന്ദാക്ഷൻ. ഇ |
| സൈറ്റ് കൈമാറിയ തീയ്യതി | രേഖപ്പെടുത്തിയിട്ടില്ല |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി:<br>സർക്കാർ ഉത്തരവ് പ്രകാരം കോവിഡ് കാലയളവിൽ പ്രവൃത്തി പൂർത്തീകരണത്തിന് 6 മാസം കൂടി ഇളവ് അനുവദിച്ചതിനാൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട യഥാർത്ഥ കാലയളവ് | 31.12.2021<br>TS No. 17337/2020-2021 Dated- പ്രകാരം പൂർത്തീകരണ കാലാവധി 6 മാസവും സർക്കാർ ഇളവനുവദിച്ച 6 മാസവും ചേർത്ത് ആകെ കാലാവധി 12 മാസം |
| പൂർത്തീകരിച്ച തീയ്യതി: | 25.03.2022 ( അളവു പുസ്തകം നമ്പർ 774 പേജ് നമ്പർ 22) |
| അളവു പുസ്തകം: | 774 |
| ആകെ പ്രവൃത്തി മൂല്യം | 323874/- |
| ഈടാക്കേണ്ട പിഴ : 01.01.2022 മുതൽ 25.03.22 വരെ-84 ദിവസം (PACയുടെ 1%) | 2705/- |
| ആകെ ഈടാക്കേണ്ടത്: രൂ. | 2705/- |

3. ഉയ്യം -കുട്ടത്ത് താഴം റോഡ് റീ -ടാറിംഗ്

| | |
|---|---|
| പ്രൊജക്റ്റ് നമ്പരും പേരും: | 156/22- ഉയ്യം -കുട്ടത്ത് താഴം റോഡ് റീ -ടാറിംഗ് |
| അടങ്കൽ :<br>ഫണ്ടിനം :<br>ആകെ- | 43188/- പൊതു വിഭാഗം ( സാധാരണ വിഹിതം)<br>197812/- തനത് ഫണ്ട്( Bill |

| | |
|---|---|
| | No.276/14.02.2022<br>241000/- |
| ചെലവ്: ബിൽനം.തീയ്യതി. | 43188/ ബിൽ നം. 37/16.02.2022-43188/-<br>തനത് ഫണ്ട്(ചെലവ്) : 97323/- ചെക്ക് നമ്പർ. Xy1594426/തീയതി, 16-2-22. |
| കരാർ നം. തീയ്യതി | AE/LSGD/EDPL/124/2019-2020 /Dated 29.02.2020 |
| (PAC): | 214869.86/- |
| കരാറുകാരൻ | ശ്രീ . യു.വി. സിദ്ദീക്ക് |
| സൈറ്റ് കൈമാറിയ തീയ്യതി | 29.02.2020 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി:<br>സർക്കാർ ഉത്തരവ് പ്രകാരം കോവിഡ് കാലയളവിൽ പ്രവൃത്തി പൂർത്തീകരണത്തിന് 6 മാസം കൂടി ഇളവ് അനുവദിച്ചതിനാൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട യഥാർത്ഥ കാലയളവ് | TSNO.106716/2019-2020/1057 പ്രകാരം 3 മാസം. + 6 മാസം = 9 മാസം<br>28.11.2020 |
| പൂർത്തീകരിച്ച തീയ്യതി: | 22.12.2021 (MB .NO. 1112-ൽ പേജ് നമ്പർ 18) |
| അളവു പുസ്തകം: | 1112 & 1133 |
| ആകെ പ്രവൃത്തി മൂല്യം | 140511/- |
| ഈടാക്കേണ്ട പിഴ:<br>29-11-20 മുതൽ 28.02.2021 വരെ ആദ്യത്തെ 3 മാസം (PACയുടെ 1%) വരെ<br>01.03.2021 മുതൽ 31.05.2021 വരെ 3 മാസം (PAC യുടെ 2%)<br>01.06.2021 മുതൽ 31.08.2021 വരെ 3 മാസം (PAC യുടെ 2%)<br>01.09.2021 മുതൽ 30.11.2021 വരെ 3 മാസം (PAC യുടെ 2%)<br>01.12.2021 മുതൽ 22.12.2021 വരെ 22 ദിവസം | 2148/-<br>4296/-<br>4296/-<br>4296/-<br>1050/- |
| ആകെ ഈടാക്കേണ്ടത് | 16086/- |
| ഈടാക്കിയത്: | 5018/- |
| ആയതിനാൽ ഈടാക്കേണ്ടത്: | 11068/- |

4.132/22-വല്യാട് - കയറ്റുവക്കം റോഡ് റീ -ടാറിംഗ്

| | |
|---|---|
| പ്രൊജക്ട് നമ്പരും പേരും: | 132/22-വല്യാട് - കയറ്റുവക്കം റോഡ് റീ -ടാറിംഗ് |
| അടങ്കൽ: ഫണ്ടിനം : | 180000/- വികസന ഫണ്ട് SCP<br>8000/- തനത് ഫണ്ട് |
| ചെലവ്: | 180000/-ബിൽ നം.തീയ്യതി. 38/16.02.22<br>തനത് ഫണ്ട്- L4893/- 278/14.02.2022 |
| കരാർ നം. തീയ്യതി | AE/LSGD/EDPL/125 /2019-2020/Dated 29.02.2020 |
| (PAC): | 167490.41 |
| കരാറുകാരൻ | യു.വി. സിദ്ദീക്ക് |
| സൈറ്റ് കൈമാറിയ തീയ്യതി | 29.02.2020 |

| | |
|---|---|
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | TSNo.108406/2019-20 /29.01.2020പ്രകാരം 3 മാസം. |
| സർക്കാർ ഉത്തരവ് പ്രകാരം കോവിഡ് കാലയളവിൽ പ്രവൃത്തി പൂർത്തീകരണത്തിന് 6 മാസം കൂടി ഇളവ് അനുവദിച്ചതിനാൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട യഥാർത്ഥ കാലയളവ് | കോവിഡ് കാലയിളവുൾപ്പെടെ ആകെ പൂർത്തീകരണ കാലയളവ് 9 മാസം<br>(6+3)<br>28.11.2020 |
| പൂർത്തീകരിച്ച തീയ്യതി: | 02.12.2021<br>(MB No. 1132 പേജ് നമ്പർ 16 |
| അളവു പുസ്തകം: | (MB 1130 & 1132) |
| ആകെ പ്രവൃത്തി മൂല്യം | 184893/- |
| ഈടാക്കേണ്ട പിഴ:<br>29.03.2021 മുതൽ 28.02.2021 വരെ (ആദ്യത്തെ 3 മാസം (PACയുടെ 1%)<br>01.03.2021 മുതൽ 31.05.2021 വരെ 3 മാസം (PAC യുടെ 2%)<br>01.06.2021 മുതൽ 31.08.2021 വരെ 3 മാസം (PAC യുടെ 2%)<br>01.09.2021 മുതൽ 30.11.2021 വരെ 3മാസം (PAC യുടെ 2%)<br>01.12.2021 മുതൽ 02.12.2021 (2ദിവസം) | 1674/-<br>3348/-<br>3348/-<br>3348/-<br>74/- |
| ആകെ ഈടാക്കേണ്ടത്: രൂ. | 11792/- |
| ഈടാക്കിയത്: | 6603 |
| ആയതിനാൽ ഈടാക്കേണ്ടത്: | 5189/- |

ആകെ 46821/-

മേൽ പറഞ്ഞ, പിഴയിനത്തിൽ ലഭിക്കേണ്ട തുക 46821/- രൂപ പ്രവൃത്തി നിർവ്വഹിച്ച കരാറുകാരിൽ നിന്നും ഈടാക്കാത്ത നടപടിയിൽ വിശദീകരണം ലഭ്യമാക്കുന്നതിന വേണ്ടി നൽകിയ 06/16.11.2022 എന്ന ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നിർവ്വഹണോദ്യോഗസ്ഥൻ താഴെ പറയും പ്രകാരം മറുപടി സമർപ്പിച്ചിട്ടുണ്ട്.

(1) പഴയങ്ങാടി പഴയ ബ്ലോക്ക് റോഡ് റീ-ടാറിംഗ് പ്രവൃത്തി കോവിഡ് ലോക്ക് ഡൗൺ, മെറ്റീരിയലിന്റെ ദൗർബല്യം, പരിസരവാസികളുടെ എതിർപ്പ് എന്നിവ കാരണമാണ് വൈകിയതെന്ന് പറഞ്ഞിട്ടുണ്ട് . മേൽപറഞ്ഞ കാരണങ്ങളിൽ കോവിഡ് ലോക്ക് ഡൗൺ പ്രത്യേക സാഹചര്യങ്ങളിൽ സർക്കാർ അനുവദിച്ച 6 മാസ ഇളവ് പരിധി കഴിഞ്ഞും പ്രവൃത്തി പൂർത്തീകരിക്കാൻ എടുത്ത നിയമാനുസൃതമല്ലാത്ത കാലതാമസം അംഗീകരിക്കാൻ നിർവാഹമില്ല. മറുപടിയിൽ ചൂണ്ടിക്കാണിച്ച മറ്റു കാരണങ്ങൾ സാധുവായ തെളിവുകളുടെ അഭാവത്തിൽ അംഗീകരിക്കാൻ നിർവാഹമില്ല.

(2)പൊൽപ്പാക്കര അമ്പലം റോഡ് കോൺക്രീറ്റ് പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതിനുള്ള മറുപടിയിൽ, വേനൽ മഴയെത്തുടർന്ന് കുളത്തിൽ വെള്ളം നിറഞ്ഞതിനാൽ സംരക്ഷണ ഭിത്തിയുടെ നിർമാണം പൂർത്തീകരിക്കാൻ വൈകിയെന്നും അത് കാരണം റോഡ് നിർമാണ പ്രവൃത്തി വൈകിയെന്നുമാണ്. എന്നാൽ മേൽ പറഞ്ഞ കാരണങ്ങളെ സാധൂകരിക്കുന്ന രേഖകൾ സഹിതം കരാറുകാരൻ തൽ സമയം അപേക്ഷ സമർപ്പിക്കുകയോ, ആയത് നടപടിക്രമങ്ങൾ പാലിച്ച് അംഗീകരിക്കപ്പെടുകയോ, കരാറുകാരൻ സപ്ലിമെന്ററി കരാർ ചമക്കുകയോ ചെയ്തിട്ടില്ല. വിശദീകരണമാരാഞ്ഞുകൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് സമർപ്പിച്ച മറുപടിയിൽ, കരാറുകാരന്റെ അപേക്ഷ ഫയലിൽ നിന്നും മാറിയതാണെന്നും ഇപ്പോൾ കൂട്ടിച്ചേർത്തിട്ടുണ്ടെന്നും പറഞ്ഞിട്ടുണ്ട്. ഈ മറുപടി അംഗീകരിക്കാൻ നിർവാഹമില്ല.

(3) ഉയ്യം- കുട്ടത്ത് താഴം റോഡ് റീ-ടാറിംഗ് പ്രവൃത്തി, വല്യാട് - കയറ്റവക്കം റോഡ് റീ- ടാറിംഗ് എന്നീ പ്രവൃത്തികളുടെ നിർവ്വഹണം പൂർത്തീകരിക്കാൻ വൈകിയതിന് കാരണമായിപറയുന്നതും, ലോക്ഡൗൺ സാഹചര്യം, മെറ്റീരിയൽ ലഭ്യമല്ലാത്തത്, പരിസരവാസികളുടെ എതിർപ്പ് എന്നിവ തന്നെയാണ്. എന്നാൽ ടി പ്രവൃത്തികളുടെ കാര്യത്തിലും മേൽ പറഞ്ഞ കാരണങ്ങളെ സാധൂകരിക്കുന്ന രേഖകൾ സഹിതം കരാറുകാരൻ തൽസമയം അപേക്ഷ സമർപ്പിക്കുകയോ, ആയത് നടപടിക്രമങ്ങൾ പാലിച്ച് അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല.

മേൽ പറഞ്ഞ മറുപടി അംഗീകരിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ പിഴയിനത്തിൽ ഒടുക്കേണ്ട തുക 46821/- രൂപ ഉത്തരവാദികളായ കരാറുകാരിൽ നിന്നോ അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിലൊടുക്കേണ്ടതാണ്.

## 1-26 മരാമത്ത് പ്രവൃത്തികൾ-നിശ്ചിത സമയപരിധിയ്ക്കകം കരാർ ചമയ്ക്കാത്തതിന് പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. അറിയിപ്പ് തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

എടപ്പാൾ ഗ്രാമ പഞ്ചായത്ത് 2021-22 ൽ അസിസ്റ്റന്റ് എഞ്ചിനിയർ മുഖേന നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാർ കരാറിലേർപ്പെടുന്നതിന് കാലതാമസം വരുത്തിയതിന് മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1% OF PAC |
|---|---|---|---|---|---|
| 1 | പൊൽപ്പാക്കര അമ്പലം റോഡ് കോൺക്രീറ്റിംഗ് 134/22<br>അടങ്കൽ തുക – 390000<br>വികസന ഫണ്ട് (ജനറൽ )<br>ചെലവ്- 323874<br>Bill NO 49/27.03.2022<br>കോൺട്രാക്ടർ- ശ്രീ.ഇ. അരവിന്ദാക്ഷൻ<br>PAC/- 289805.45<br>Agr.No. AE/LSGD/ EDPL/23/2020-21 Dtd. 01.01.21<br>ആകെ പ്രവൃത്തി മൂല്യം 323874/- | 25.09.2020 | 09.10.2020 | 01.01.2021 | 2898/- |
| 2 | 141/22-GLPS എടപ്പാൾ | 15.02.2021<br>നമ്പർ 1(3) | 11.03.2021<br>( 24 | 02.08.2021 | 2712/- |

| | | | | | |
|---|---|---|---|---|---|
| | പുനരുദ്ധാരണം<br>അടങ്കൽ തുക -304000/-<br>റോഡിതരം<br>ചെലവ്- 266036/-<br>Bill NO. 42/03.03.2022<br>കോൺട്രാക്ടർ- ശ്രീ.ദിലീഷ്.ടി.പി.<br>APAC-/- 271239.11<br>Agr.No. AE/LSGD/ EDPL/10/2020-21 Dtd. 02.08.21<br>ആകെ പ്രവൃത്തി മൂല്യം<br>266036/- | സെലക്ഷൻ നോട്ടീസ് അയച്ച തീയ്യതി വ്യക്തമല്ലാത്തതിനാൽ ടെൻഡർ അംഗീകരിച്ച തീയ്യതിയാണ് എടുത്തിരിക്കുന്നത്. | ദിവസം) | | |
| 3 | 137/22-വലിയ തോട് നവീകരണം<br>അടങ്കൽ തുക -485900<br>ധ.കാ.ഗ്രാ.<br>ചെലവ്- 354705/-<br>Bill NO 13/29.10.21<br>കോൺട്രാക്ടർ- ശ്രീ.ഇ.അരവിന്ദാക്ഷൻ<br>APAC-/316700.99<br>Agr.No.AE/LSGD/ EDPL/25/2020-21 Dtd. 01.01.21<br>ആകെ പ്രവൃത്തി മൂല്യം 354705/- | 17.09.2020 | 01.10.2020 | 01.01.2021 | 3167/- |
| 4 | നാഷണൽ റർബൻ മിഷൻ- സബ്സെന്ററുകളുടെ പുനരുദ്ധാരണം<br>(തുയ്യം, കോലോളമ്പ്, പെരുമ്പറമ്പ, പൂക്കരത്തറ)<br>അടങ്കൽ തുക- 1225000/-<br>ചെലവ്- 1167010.00<br>(Direct Transfer)<br>കരാറുകാരൻ- ശ്രീ ഷാല്യ.ടി.പി.<br>PAC-1080766.06 എഗ്രിമെന്റ് നമ്പർ. AE/LSGD/EDPAL /20/2021/11-10-2021 | T.S.No. 88264 16.09.2021 | 30.09.2021 | 11.10.2021 | 10808/- |
| ആകെ | | | | | 19585/- |

മേൽ പറഞ്ഞ വിധം പിഴ ഈടാക്കാതെ കരാർ ചമക്കാൻ അനുവദിച്ച നടപടിയും, 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതാണെന്ന നടപടിക്രമം പാലിക്കാത്തതും ക്രമ വിരുദ്ധമായതിനാൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നമ്പർ 20/18.11.2022) 19.11.2022 ന് നിർവ്വഹണോദ്യോഗസ്ഥ സമർപ്പിച്ച മറുപടിയിൽ തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ മേൽ പറഞ്ഞ തുക, നിയമാനുസൃതമായ നിശ്ചിത തീയ്യതിക്കകം കരാർ ചമയ്ക്കാതിരുന്ന കരാറുകാരിൽ നിന്നോ അല്ലാത്ത പക്ഷം മേൽനോട്ടച്ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി തനത് ഫണ്ടിലൊടുക്കേണ്ടതാണ്.

## 1-27 റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല.

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.
റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

### 1-28 അസിസ്റ്റന്റ് എഞ്ചിനീയറുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

അസിസ്റ്റന്റ് എഞ്ചിനീയറുടെ രജിസ്റ്ററുകൾ ഏർപ്പെടുത്തുന്നതിലും പരിപാലിക്കുന്നതിലും താഴെ പറയുന്ന അപാകതകൾ ഉണ്ട്.
1. കാഷ് ബുക്കിൽ ദിനേനയുള്ള ക്ലോസിങ്, മാസാവസാനമുള്ള ക്ലോസിങ് എന്നിവ രേഖപ്പെടുത്തുന്നില്ല. പണമിടപാടുകൾ ഇല്ലാത്ത ദിവസങ്ങളിൽ അക്കാര്യം കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

2. എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല.

തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.1.2017 ലെ ഇ7/11350/15/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതും മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്ററുകൾ കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. കൂടാതെ പൊതുമരാമത്ത് പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച പൊതുമരാമത്ത് മാന്വൽ നിർദ്ദേശങ്ങൾ പാലിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

### 1-29 അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലെ അക്കൗണ്ടിലുള്ള നീക്കിയിരുപ്പ് തുക പഞ്ചായത്ത് തനത് ഫണ്ടിലൊടുക്കണം

പരിശോധനക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരം എടപ്പാൾ ഗ്രാമ പഞ്ചായത്ത് LSGD അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ എടപ്പാൾ ശാഖയിൽ 00000037375814840 നമ്പർ അക്കൗണ്ടിൽ 12.08.2022 തീയ്യതിയിൽ 66493.50 രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. പ്രസ്തുത അക്കൗണ്ടിൽനിന്നും 13.07.2017 ന ശേഷം നാളിതുവരെ യാതൊരിടപാടുകളും നടന്നതായി കാണുന്നില്ല. ബാങ്ക് നീക്കിയിരിപ്പ് കാലികമാക്കി ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരമാണ് ഈ തുക നീക്കിയിരിപ്പുള്ളതായി കാണുന്നത്. ഈ തുക പഞ്ചായത്ത് ഫണ്ടിലൊടുക്കി തെളിവ് രേഖകൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 2021-22 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്,പൊന്നാനി | 1300000 | 17/22 നെൽകൃഷി | 1300000 | 0 |
| | 460000 | 63/22 ലൈഫ് പദ്ധതി -എസ്.സി | 460000 | 0 |
| | 404000 | 162/22 ഭിന്നശേഷി | 404000 | 0 |

| | | | | |
|---|---|---|---|---|
| | | സ്കോളർഷിപ്പ് | | |
| | 290080 | 123/22 പാടശേഖരങ്ങളിലൂടെ വൈദ്യുതിലൈൻ നീട്ടൽ | 290080 | 0 |
| ബ്ലോക്ക് പഞ്ചായത്ത്,പൊന്നാനി | 125000 | ക്ഷീര സബ്സിഡി -വനിത | 125000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്,പൊന്നാനി | 250000 | ക്ഷീര സബ്സിഡി-ജനറൽ | 250000 | 0 |
| ആകെ | 2829080 | | 2829080 | 0 |
| ജില്ലാ പഞ്ചായത്ത് | 889243 | 17/22 നെൽകൃഷി | 889243 | 0 |
| | 484500 | 162/22 ഭിന്നശേഷി സ്കോളർഷിപ്പ് | 484500 | 0 |
| ആകെ | 1373743 | | 1373743 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ ഉദ്യേശ്യം | ഉത്തരവ് നം./തിയ്യതി | തൻ വർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 01 | ലൈഫ് പദ്ധതി | - | 1000000 | 16769046 | 2075334 | 0 | 15693712 |
| 02 | ഇ.എം.എസ് ഭവന പദ്ധതി | . | 11885000 | 3842645 | 0 | 0 | 3842645 |

## 4-6 സ്ഥിര നിക്ഷേപം

-

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 494853 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 494853 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്നതുക | 494853 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| | |
|---|---|
| 090301807520010 എം.ഡി.സി ബാങ്ക്,എടപ്പാൾ, രശീതി.234672/27.03.20 | 341200 രൂപ |
| 090301807520011 എം.ഡി.സി ബാങ്ക്,എടപ്പാൾ, രശീതി.234673/27.03.20 | 153653 രൂപ |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2014-15 | 2(2), 2(3) | 2016-17 | അനുബന്ധം3 | വസ്തുനികുതി | ബഹു.നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2(4) | 2016-17 | ആനുബന്ധം4 | തൊഴിൽ നികുതി | ബഹു.നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം.

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| | 2005-06 | 2-1, | വി.ഹരിദാസ്, സെക്രട്ടറി | LF 10423/SPL .CELL/CSCD1/ 12, 15.06.2015 | 2890/- | 0 | 0 | 0 | 0 | 0 | 2890 | 0 |
| 1 | 2005-06 | 2-2, 2-3 (A), 2-3(B | വി.ഹരിദാസ്, സെക്രട്ടറി | LF 10423/SPL .CELL/CSCD1/ 12, 16.07.2014 | 3623/- | 0 | 0 | 0 | 0 | 0 | 3740 | 0 |

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക,രസീത് | ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2001-02 | 4 6 7 | കെ പി ശങ്കരൻ | LF14740/S Cell/SC5/ 051-12-06/ 1.03.07 | 11650 | 0 | 0 | 0 | 0 | 0 | 0 | 11650 |
| 2 | 2005-06 | 3-1A 3-1B 3-2 3-8 | ശ്രീ.വി. ഹരിദാസ്, സെക്രട്ടറി | LF 10423/SPL .CELL/CSCD1/ 12, 16.07.2014 | 120520 +പലിശ | | | | | | | 120520 +പലിശ |
| 3 | 2008-09 | 3-3 3-5 3-23 | ശ്രീ.ഇ എം എൻ. സുദേവൻ | LF17975/SPL .CELL/CSCD1/ 12, 23.05.2015 | 75908 | | | | | | | 75908 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 4 | 2009-10 | 3-8(1) 3-8(2) 3-13(2) | ഷിനി.എം. അസിസ്റ്റന്റ് എഞ്ചിനീയർ | LF17976/SPL .CELL/CSCD1/ 12, 15.03.2015 | 21769 | | | | | | 0 | 21769 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 168946260 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 167098298 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 209802 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്ത മായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 182573 | ബാബുരാജൻ.പി.വി, സെക്രട്ടറി |
| 1-20 | 27229 | ശ്രീമതി.ലീന.കെ.ജി, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 209802 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ബാധകമല്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | LFM 11/1404/99, 24.03.2000 | 1 |
| 2000-01 | LFM 11/1420/99, 23.06.2004 | 11 |
| 2001-02 | LFM 17/1056/03, 06.04.2004 | 7 |
| 2002-03 | LFM 9/332/05, 29.04.2005 | 14 |
| 2003-04 | LFM 6/05/08, 17.05.2008 | 3 |
| 2004-05 | KSA MPM28/1204/16 , 27.1.2018 | 12 |
| 2005-06 | LFM 6/243/10, 21.03.2012 | 12 |
| 2006-07 | LFM 10/889/11, 21.03.2012 | 7 |
| 2007-08 | LFM 18/598/11, 21.03.2012 | 21 |
| 2008-09 | LFM 18/599/11, 21.03.2012 | 16 |

| | | |
|---|---|---|
| 2009-10 | LFM 18/600/11, 21.03.2012 | 27 |
| 2010-11 | KSA MPM28/1204/16 , 27.1.2018 | 17 |
| 2011-12, 2012-13 | KSA MPM28/669/16 , 27.1.2018 | 23 |
| 2013-14, 2014-15 | KSAMPM 28/1928/2016, 17.7.17 | 15 |
| 2015-16 | KSAMPM 28/29/2017, 08.02.2017 | 24 |
| 2016-17 | KSAMPM 28/2458/2017, 23.7.18 | 21 |
| 2017-18 | KSAMPM 28/204/2019, 2.7.2019 | 17 |
| 2018-19 | KSAMPM 28/ 2588-19, 12.2.2021 | 19 |
| 2019-20 | KSAMPM 5/1/22, 24.9.2022 | 14 |
| 2020-21 | KSAMPM 5/02/22, 15.3.2022 | 21 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്